"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം-'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' എന്ന പദ്ധതിയ്ക്ക് തുക റിലീസ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.7/2026/HSG തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:- 1. സ. ഉ. (സാധാ) നം. 30/2025/HSG തീയതി 18.07.2025

2. സ. ഉ. (സാധാ) നം. 40/2025/HSG തീയതി 03.10.2025

3. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 16.01.2026-ലെ KESNIK/977/2025-SE_G1 B നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' എന്ന പദ്ധതിയ്ക്കായി 2216-80-101-99-pഎന്ന ശീർഷകത്തിൽ നിന്നും ₹150 ലക്ഷം നിജപ്പെടുത്തി പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു.

2. സംസ്ഥാനത്ത് 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 2216-80-101-99 എന്ന ശിർഷകത്തിൽ നിന്നും ആദ്യ ഗഡുവായി ₹20,00,000/-(ഇരുപതു ലക്ഷം രൂപ മാത്രം) പരാമർശം (2) പ്രകാരം അനുവദിച്ചിരുന്നു. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കുകയും അടുത്ത ഗഡുവായി 35 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം നിർമ്മിതി കേന്ദ്രം ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്ലാൻ പദ്ധതിയായ 'തൊഴിലധിഷ്ഠിത പരിശീലനം ഉൾപ്പെടെയുള്ള കാര്യശേഷി വികസനവും നൈപുണ്യം മെച്ചപ്പെടുത്തൽ പരിപാടിയും' നടപ്പിലാക്കുന്നതിന് **2216-80-101-99-P** ശീർഷകത്തിൽ നിന്നും രണ്ടാമത്തെ ഗഡുവായി **₹25,00,000/-** (ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം)ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
2. ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് **(3247148/ww-ww1/123/2025-FIN dated 10.02.2026)**
5. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
6. ഐ& പി.ആർ (വെബ് &ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date:20-02-2026 16:52:14
സെക്ഷൻ ഓഫീസർ